മാധ്യമം

# തൃശൂരിലെ കോൾപാടങ്ങളിൽ രണ്ട് പൂവീച്ചകളെ കണ്ടെത്തി

» **സംസ്ഥാനത്ത് ആദ്യമായാണ് ഈയിനം പൂവീച്ചകളെ കണ്ടെത്തുന്നത്**



*സി. അതുൽ ശങ്കർ, ഡോ. ഇ.എം. ഷാജി, ഡോ. സി. ബിജോയ്*

**കൊടുങ്ങല്ലൂർ:** തൃശൂർ ജില്ലയിലെ കോൾപാടങ്ങളിൽ രണ്ട് പൂവീച്ചകളെ കണ്ടെത്തി ഗവേഷകർ. മെസെംബ്രിയസ് ബെംഗാലെൻസിസ്, മെസെംബ്രിയസ് ക്വാഡ്രിവിറ്റാറ്റസ് എന്നീ ശാസ്ത്രനാമങ്ങളിലുള്ള പൂവീച്ചകളെയാണ് കണ്ടെത്തിയത്. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളജിലെ ഷഡ്പദ എൻഡമോളജി റിസർച് ലാബിലെ ഗവേഷകൻ സി. അതുൽ ശങ്കർ, ലാബ് ഡയറക്ടറും കോളജിലെ സുവോളജി വിഭാഗം അസി. പ്രഫസറുമായ ഡോ. സി. ബിജോയ്, കൊടുങ്ങല്ലൂർ പുല്ലൂറ്റ് കെ.കെ.ടി.എം ഗവ. കോളജ് സുവോളജി വിഭാഗം മേധാവിയും അസോസിയറ്റ് പ്രഫസറുമായ ഡോ. ഇ.എം. ഷാജി എന്നിവർ ചേർന്നാണ് ഇവയെ കണ്ടെത്തിയത്. സംസ്ഥാനത്ത് ആദ്യമായാണ് 'മെസെംബ്രിയസ്' ജീവിവർഗത്തിലെ പൂവീച്ചകളെ കണ്ടെത്തുന്നത്.

ഈച്ചകളും കൊതുകുകളും ഉൾപ്പെടുന്ന ഓർഡർ ഡിപ്റ്റെറയിലെ സിർഫിഡേ കുടുംബത്തിൽപ്പെട്ടവയാണ് ഇവ. തേനീച്ചകളെയും പല കടന്നലുകളെയും പോലെ പൂക്കളിലെ പതിവ് സന്ദർശകരായതിനാലാണ് ഇവയെ പൂവീച്ച എന്ന് വിളിക്കുന്നത്. ശത്രുക്കളിൽനിന്ന് രക്ഷനേടാൻ തേനീച്ചകളെയോ കടന്നലുകളെയോ പോലെ അനുരൂപം നേടിയിട്ടുള്ള ഇവ നിരുപദ്രവകാരികളും സസ്യങ്ങളുടെ പരാഗണത്തിൽ വലിയ പങ്കുവഹിക്കുന്നവയുമാണ്. ലാർവ ഘട്ടത്തിൽ സസ്യകീടമായ മുഞ്ഞയുടെ ജൈവനിയന്ത്രണത്തിനും സഹായിക്കുന്നു.

അസോസിയേഷൻ ഫോർ അഡ്വാൻസ്മെന്റ് ഓഫ് എൻഡമോളജിയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ എൻഡോമോൺ ജൂലൈ ലക്കത്തിലാണ് ചിത്രങ്ങൾ സഹിതം പ്രസ്തുത പഠനം പ്രസിദ്ധീകരിച്ചത്. പൂവീച്ചകളുടെ ജൈവവൈവിധ്യവും വ്യാപനവും പൊതുജന പങ്കാളിത്തത്തോടെ മനസ്സിലാക്കാൻ ഈ ഗവേഷണ പഠനം സഹായകരമാകുമെന്ന് ഗവേഷകനായ സി. അതുൽ ശങ്കർ അഭിപ്രായപ്പെട്ടു.



*തൃശൂർ ജില്ലയിലെ കോൾപാടങ്ങളിൽ കണ്ടെത്തിയ പൂവീച്ച*


# Two species of flower flies discovered from the State

*Mesembrius bengalensis, M. quadrivittatus* discovered from Kole wetlands, Vilagan Kunnu hillocks of Thrissur by researchers of Shadpada Entomology Research Lab of Christ College

The Hindu Bureau
THRISSUR

Researchers of the Shadpada Entomology Research Lab (SERL) of Christ College, Irinjalakuda, have reported two species of flower flies for the first time from the State.

*Mesembrius bengalensis* and *M. quadrivittatus* have been discovered from the Kole wetlands and Vilagan Kunnu hillocks of Thrissur district by Athul Sankar C., a research scholar at SERL; Bijoy C., Assistant Professor, Christ College (Autonomous), Irinjalakuda; and Shaji E.M., Associate Professor, K.K.T.M Government College, Pullut.



*Mesembrius bengalensis* and *M. quadrivittatus*

Flower flies belong to the family Syrphidae of order Diptera and are commonly called flower files because they are frequent visitors of flowers like many bees and wasps. They are flies that evolved to mimic bees or wasps to escape from their predators, explains Dr. Bijoy.

Flower flies are important pollinators. Larvae of these flies are excellent biological control agents and nutrient recyclers, he adds.

**Rich diversity**

A literature survey by the same team revealed a rich diversity of 59 species of flower flies from Kerala. These new records add two more species to the existing list. The recent study is published in the journal *ENTOMON*, the official publication of the Association for Advancement of Entomology. "Along with the report, key characteristics of the species are also imaged, which will help with easy identification in public platforms and will help understand the distribution of species with public participation" said Mr. Sankar.

# കേരളത്തിൽനിന്ന് രണ്ട് പൂവീച്ചകളെ കണ്ടെത്തി

**ഇരിങ്ങാലക്കുട** ▸ കേരളത്തിൽനിന്ന് രണ്ട് പൂവീച്ചകളെ ക്രൈസ്റ്റ് കോളേജിലെ ഷഡ്പദ എന്റമോളജി റിസർച്ച് ലാബിലെ ഗവേഷകർ കണ്ടെത്തി. മെസെംബ്രിയസ് ബെംഗാലെൻസിസ്, മെസെംബ്രിയസ് ക്വാഡ്രിവിറ്റാറ്റസ് എന്നീ പൂവീച്ചകളെയാണ് കേരളത്തിൽ ആദ്യമായി കണ്ടെത്തിയത്.



മെസെംബ്രിയസ് പൂവീച്ച

ക്രൈസ്റ്റ് കോളേജിലെ എസ്.ഇ.ആർ. എലിലെ ഗവേഷകൻ സി. അതുൽശങ്കർ, ലാബ് ഡയറക്ടറും സുവോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസറുമായ ഡോ. സി. ബിജോയ്, പുല്ലൂറ്റ് കെ.കെ.ടി.എം. ഗവ. കോളേജിലെ സുവോളജി വിഭാഗം മേധാവി ഡോ. ഇ.എം. ഷാജി എന്നിവർ ചേർന്നാണ് കണ്ടെത്തിയത്. ഇതാദ്യമായാണ് മെസെംബ്രിയസ് ജീവിവർഗത്തിൽ വരുന്ന പൂവീച്ചകളെ കേരളത്തിൽനിന്ന് കണ്ടെത്തുന്നത്.

ഈച്ചകളും കൊതുകുകളും ഉൾപ്പെടുന്ന ഓർഡർ ഡിപ്റ്ററയിലെ (Diptera), സിർഫിഡേ (Syrphidae) കുടുംബത്തിൽപ്പെട്ടവയാണിവ. തേനീച്ചകളെയും പല കടന്നലുകളെയുംപോലെ പൂക്കളിലെ പതിവ് സന്ദർശകർ ആയതിനാലാണ് ഇവയെ പൂവീച്ച (flower flies) എന്ന് വിളിക്കുന്നത്. ശത്രുക്കളിൽനിന്ന് രക്ഷനേടാൻ തേനീച്ചകളെയോ കടന്നലുകളെയോപ്പോലെ അനുരൂപം നേടിയിട്ടുള്ള ഇവ നിരുപദ്രവകാരികളും സസ്യങ്ങളുടെ പരാഗണത്തിൽ വലിയ പങ്കുവഹിക്കുന്നവരുമാണ്.

അസോസിയേഷൻ ഫോർ അഡ്വാൻസ്മെന്റ് ഓഫ് എന്റമോളജിയുടെ ഔദ്യോഗിക പ്രസിദ്ധീകരണമായ എന്റോമോണി(ENTOMON)ലെ ജൂലായ് ലക്കത്തിലാണ് ചിത്രങ്ങൾ സഹിതം പഠനം പൂർണമായി പ്രസിദ്ധീകരിച്ചിരിക്കുന്നത്. പൂവീച്ചകളുടെ ജൈവവൈവിധ്യവും വ്യാപനവും പൊതുജനപങ്കാളിത്തത്തോടെ മനസ്സിലാക്കാൻ ഈ ഗവേഷണപഠനം സഹായകമാകുമെന്ന് ഗവേഷകൻ സി. അതുൽശങ്കർ പറഞ്ഞു.

# കേരളത്തിൽ രണ്ട് പൂവീച്ചകളെ കണ്ടെത്തി

**ഇരിങ്ങാലക്കുട:** ക്രൈസ്റ്റ് കോളജി ലെ ഷഡ്പദ എന്റമോളജി റിസ ർച്ച് ലാബിലെ ഗവേഷകർ കേര ളത്തിൽ രണ്ട് പൂവീച്ചകളെ ക ണ്ടെത്തി. ബ്രിയസ് ബെംഗാലെ ൻസിസ്, മെസെംബ്രിയസ് ക്വാ ഡ്രിവിറ്റാറ്റസ് എന്നീ പൂവീച്ചക ളെയാണ് കേരളത്തിൽ ആദ്യമാ യി കണ്ടെത്തിയത്.

ക്രൈസ്റ്റ് കോളജിലെ എസ്ഇ ആർഎൽലെ ഗവേഷകനായ സി. അതുൽ ശങ്കർ, ലാബ് ഡയ ക്ടർ ഡോ.സി. ബിജോയ്, പുല്ലൂ കെകെടിഎം ഗവ. കോളജിലെ സുവോളജി വിഭാഗം മേധാവി ഡാ.ഇ.എം. ഷാജി എന്നിവർ ചർന്നാണ് ഇവയെ കണ്ടെത്തി ത്. ഇതാദ്യമായാണ് മെസെം ബ്രിയസ് ജീവിവർഗത്തിൽവരു പൂവീച്ചകളെ കേരളത്തിൽനി കണ്ടെത്തിയതായി രേഖപ്പെ ടുത്തുന്നത്. ഈച്ചകളും കൊതു



**ആദ്യമായി കണ്ടെത്തിയ മെസെം ബ്രിയസ് ബെംഗാലെൻസിസ്, മെസെംബ്രിയസ് ക്വാഡ്രിവിറ്റാറ്റസ് എന്നീ പൂവീച്ച.**

കുകളും ഉൾപ്പെടുന്ന ഓർഡർ ഡിപ്റ്റെറയിലെ സിർഫിഡേ കു ടുംബത്തിൽപ്പെട്ടവയാണ് ഇവ. തേനീച്ചകളേയും കടന്നലുകളേ യുംപോലെ പൂക്കളിലെ പതിവു സന്ദർശകർ ആയതിനാലാണ് ഇ വയെ പൂവീച്ച എന്ന് വിളിക്കുന്ന ത്. ഇവ നിരുപദ്രവകാരികളും സ സ്യങ്ങളുടെ പരാഗണത്തിൽ വ ലിയ പങ്കുവഹിക്കുന്നവരുമാണ്.